**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അഷ്കർ അലി ടി, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ1- **7424/2018** ജിമെആ കാസർഗോഡ് **21.05.2018, 03.05.2019**

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4/**16550/2018**/ആവഡ തീയതി **09.08.2019**

3. ഡോ അഷ്കർ അലി ടി സമർപ്പിച്ച അപേക്ഷ തീയതി. **03.09.2019, 21.06.2018**

4. ഉത്തരവ് നം. ഇഎ4- **16550/2018**/ആവഡ തീയതി **13.08.2018**

**ഉത്തരവ് നം. DHS/13921/2025-EA4 തീയതി.27-12-2025**

ഡോ അഷ്കർ അലി ടി (**Dr Ashkar Ali T**), **14.07.2016** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **19.04.2019** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് **03.05.2019** ലെ പരാമർശം **(1)** പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (**work and conduct**) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം നോട്ടീസ് നൽകി. **03.09.2019** ലെ പരാമർശം **(3)** പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. ഡിസംബർ മുതലുള്ള ശമ്പളം ലഭിച്ചിരുന്നില്ലെന്നും

ജോലിയിൽ പ്രവേശിച്ചതു മതലുള്ള പിജി അലവൻസോ മറ്റുള്ള അലവൻസുകളോ ലഭിച്ചിരുന്നില്ലെന്നും ജോലിയിൽ നിന്നും വിട്ടു നിന്നതിന് മാപ്പ് നൽകി കൊണ്ട് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്.

**2.** ഡോ അഷ്കർ അലി ടി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. ഡോ അഷ്കർ അലി ടി, **04.05.2018** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതാണ്. ഭാവിയിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയില്ലെന്നും തിരികെ പ്രവേശിപ്പിക്കണമെന്നും ബോണ്ട് സഹിതം **21.06.2018** തീയതിയിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് പരാമർശം **(4)** പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി തിരികെ പ്രവേശിപ്പിക്കുന്നതിന് അനുവാദം നൽകിയിരുന്നത്.

**3.** ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. **04.05.2018** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ അഷ്കർ അലി ടി യെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചിരുന്നെങ്കിലും ടിയാൾ **19.04.2019** മുതൽ വീണ്ടും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നു. ആയതിനാൽ ടിയാളുടെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ **19.04.2019** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അഷ്കർ അലി ടി അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ അഷ്കർ അലി ടി അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Meenakshy V
Date: 27-12-2025 08:12:43

ആരോഗ്യ വകുപ്പ് ഡയറക്ടർ **I/c.**

സ്വീകർത്താവ്,

ഡോ അഷ്കർ അലി ടി,

എംസിഎം ഹൗസ്, തൃക്കരിപ്പൂർ,

കാസർഗോഡ്.

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്

3. സൂപ്രണ്ട്,
താലൂക്കാശുപത്രി തൃക്കരിപ്പൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ